Uncorrected/Not for publication
06-10-2025

# III സബ്മിഷൻ

## (1) റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസിപ്പിക്കുന്നതിനുവേണ്ടി കീഴല്ലൂർ വില്ലേജിൽപ്പെട്ട കാനാട്-കീഴല്ലൂർ മേഖലകളിൽ 245 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നോട്ടിഫിക്കേഷനിലായ ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയാത്ത വിധം ഈ പ്രദേശത്തെ ജനങ്ങൾ ഒൻപത് വർഷമായി വലിയ നരകയാതന അനുഭവിക്കുകയാണ്. അതുകൊണ്ട് വളരെ പെട്ടെന്നുതന്നെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുകയും 2008-ലെ ഭൂമി ഏറ്റെടുക്കൽ പാക്കേജ് അനുസരിച്ച് പത്ത് സെന്റ് ഭൂമിവീതം പുനരധിവാസത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. കീഴല്ലൂർ-കൂടാളി വില്ലേജുകളിലായി 36 ഏക്കർ ഭൂമി പുനരധിവാസത്തിനായി ഏറ്റെടുക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഈ രണ്ട് ഭൂമിയും ഏറ്റെടുത്ത് ജനങ്ങളെ

പുനരധിവസിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നതിനെ സംബന്ധിച്ച് യോഗം ചേർന്നിരുന്നു. അതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കാനും നഷ്ടപരിഹാരം ലഭ്യമാക്കാനും ത്വരിത നടപടികൾ സ്വീകരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് സഭാ നടപടികളുമായി സഹകരിക്കണമെന്ന്  ആവർത്തിച്ചാവർത്തിച്ച് ചെയർ അഭ്യർഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഞാൻ കാണുന്നില്ല.  ഒരുമിനിട്ട് ബാനർ ഒന്നുതാഴ്ത്തിയാൽ അദ്ദേഹത്തെ കാണാൻ സാധിക്കും. ഇന്നത്തെ കാര്യവിവരപ്പട്ടികയുടെ ഭാഗമായിട്ടുള്ള........(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ മറ്റ് സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിച്ചു)